# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# പിലിക്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി-10/929/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 07/12/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിലിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പിലിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിലിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി-10/929/2024

തീയ്യതി: 07/12/2024

## കാസർഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. മണിലാൽ വി | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2024 | 02-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2024 | 02-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.വിനോദ് കുമാർ സി, ഓഡിറ്റ് ഓഫീസർ
ശ്രീ.തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രഘുനാഥൻ കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബിന്ദു.വി.വി, ഓഡിറ്റർ
ശ്രീ.ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി പി പ്രസന്ന കുമാരി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. വി മധുസൂദനൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2023 | 31-07-2024 |
| ശ്രീ. വി മധുസൂദനൻ | സെക്രട്ടറി | 01-08-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | ത( |
|---|---|---|---|
| ശ്രീമതി പ്രീതി ആർ | കൃഷി ഓഫീസർ | 01-04-2023 | |
| ഡോ.സാബു എം യു | വെറ്റിനറി സർജ്ജൻ | 01-04-2023 | |

| | | | |
|---|---|---|---|
| ഡോ.ബ്ലസ്സൻ തോമസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | |
| ഡോ. രഞ്ജിത് ആർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 09-02-2024 | |
| ഡോ.ശോഭ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | |
| ഡോ.സന്ധ്യ എം വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 01-04-2023 | |
| ഡോ.ജയ ജി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 23-08-2023 | |
| ശ്രീ. സുരേന്ദ്രൻ കെ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പിലിക്കോട് സർക്കിൾ) | 01-04-2023 | |
| ശ്രീ. റാഷിദ് പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊടക്കാട് സർക്കിൾ) | 01-04-2023 | |
| ശ്രീമതി ലൈല എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | |
| ശ്രീമതി അനുസൂര്യ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | |
| ശ്രീ. ബാലകൃഷ്ണൻ നാറോത്ത് | പ്രധാനധ്യാപകൻ | 01-04-2023 | |
| ശ്രീമതി രമ്യ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | |
| ശ്രീമതി ഐശ്വര്യ എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | |
| ശ്രീ. വി മധുസൂദനൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | |

| | | | |
|---|---|---|---|
| ശ്രീ. സുരേഷ് അരിയിൽ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ ചാർജ് | 01-08-2023 | |
| ശ്രീമതി സുശീല എൻ | അസിസ്റ്റന്റ് സെക്രട്ടറി | 04-09-2023 | |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വികസന ഫണ്ട് പൊതുവിഭാഗം ചെലവിൽ ക്യാപിറ്റൽ - റവന്യൂ കോൺട്രിബ്യൂഷൻ വിഭജനം പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ക്യാപിറ്റൽ കോൺട്രിബ്യൂഷനുമേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നു. | 1-1-3 |
| 5 | റീകൺസിലേഷൻ പത്രിക - അപാകതകൾ | 1-1-4 |
| 6 | പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ബാധ്യത തുകകൾ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല. | 1-1-6 |
| 8 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ സമർപ്പിച്ചിട്ടില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് പ്രവൃത്തി - വിശദാംശം ബി18ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | സംയുക്ത പദ്ധതി ട്രഷറി അക്കൗണ്ടിൽ നിന്നും സർക്കാർ തിരിച്ചെടുത്ത തുക പഞ്ചായത്തിന് ലഭ്യമായില്ല. | 1-1-9 |
| 11 | വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | അക്രൂവൽ വരുമാനം രേഖപ്പെടുത്തുന്നതിൽ കാലതാമസം | 1-1-11 |
| 13 | ട്രഷറി നീക്കിയിരിപ്പ് - വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം. | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 19 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 20 | ക്യാഷ് ബാലൻസ് | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകമർമ്മസേനയിലൂടെ - അവലോകനം | 1-10 |
| 23 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-11 |
| 24 | ബാങ്ക് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിനു മുൻപേ ബാങ്കിൽ നിന്നും പണം പിൻവലിക്കുന്നു. | 1-12 |
| 25 | പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരന്റെ ആർജിത അവധി കണക്കാക്കിയതിൽ അപാകത. | 1-13 |
| 26 | ആർജിത അവധി- അവധി കുറവ് ചെയ്യാതെ കണക്കാക്കി. | 1-14 |
| 27 | വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണം പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ. | 1-15 |
| 28 | ലെഗസി മാലിന്യങ്ങൾ കൈയ്യൊഴിഞ്ഞ വകയിൽ ക്ലീൻ കേരളാ കമ്പനിക്ക് തുക നൽകൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ. | 1-16 |
| 29 | തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-17 |
| 30 | ദേശീയപാത വികസനം-ഗ്രാമ പഞ്ചായത്തിന് അനുവദിച്ച നഷ്ടപരിഹാര തുക നാളിതുവരെ ലഭിച്ചില്ല. | 1-18 |
| 31 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി-രജിസ്റ്ററുകൾ, അനുബന്ധരേഖകൾ ഹാജരാക്കിയില്ല | 1-19 |
| 32 | മൃഗാശുപത്രിക്ക് ലാപ് ടോപ്പ് ലഭ്യമായില്ല | 1-20 |

| | | |
|---|---|---|
| 33 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നും ലഭ്യമായില്ല. | 1-21 |
| 34 | കോക്ലിയർ ഇംപ്ലാന്റേഷൻ-സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-22 |
| 35 | ഓലാട്ട് FHCയിലേയ്ക്ക് ഫർണിച്ചർ-വാങ്ങൽ നടപടിക്രമങ്ങളിൽ അപാകതകൾ | 1-23 |
| 36 | ആംബുലൻസ് ഡ്രൈവറുടെ വേതനം-സർക്കാരിൽ നിന്നും അനുമതി നേടിയില്ല. | 1-24 |
| 37 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-25 |
| 38 | ആരോഗ്യ ജാഗ്രത പകർച്ചവ്യാധി നിയന്ത്രണം - പദ്ധതി നടത്തിപ്പിൽ അപാകതകൾ. | 1-26 |
| 39 | കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കുള്ള ഉപകരണങ്ങളും രജിസ്റ്ററുകളും- വിതരണ രേഖകൾ ഹാജരാക്കിയില്ല. | 1-27 |
| 40 | ഗ്രാമ പഞ്ചായത്ത് ഓഫീസ് കാര്യാലയം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം-എഞ്ചിനീയറിംഗ് ആന്റ് ആർക്കിടെക്ചറൽ സർവീസ് ചാർജിന് കുറഞ്ഞ നിരക്കിൽ ആദായ നികുതി ഈടാക്കി. | 1-28 |
| 41 | റോഡ് പ്രവൃത്തിയുടെ ഭാഗമായി കിളച്ചെടുത്ത (Scarified) കല്ലും മെറ്റലും പുനരുപയോഗിച്ചത്-അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയില്ല. | 1-29 |
| 42 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും നികുതികൾ കുറവു ചെയ്യുന്നില്ല. | 1-30 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പാ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡ ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യ ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്താനായിട്ടില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചാ (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും 20.05.2024 ലെ 1/24 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 29.05.2024 ത പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പിലിക്കോട് ഗ്രാമപഞ്ചായത്ത് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2024-ാം തീയതി വരെയുള്ള ബാല ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാ ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകു വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണ
അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനി
ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും,
റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടു

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവര
കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പിലിക്കോ
പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ ന
ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം ന

കാസറഗോഡ്

07.12.2024

ഡെപ്യൂട്ടി

കേരള സംസ്ഥാന ഓ

ജില്ലാ ഓഡിറ്റ് കാര്യാലയം, കാ

## <u>1-1-2 വികസന ഫണ്ട് പൊതുവിഭാഗം ചെലവിൽ ക്യാപിറ്റൽ - റവന്യൂ കോൺട്രിബ്യൂഷ വിഭജനം പൊരുത്തപ്പെടുന്നില്ല.</u>

സുലേഖ ചെലവ് പത്രിക പ്രകാരം വികസന ഫണ്ടിനത്തിൽ ആകെ ചെലവ് 1,3
രൂപയാണ്. വാർഷിക ധനകാര്യ പത്രികയിൽ ഈയിനത്തിൽ ക്യാപിറ്റൽ കോൺട്രി
4,44,771/-രൂപയും റവന്യൂ കോൺട്രിബ്യൂഷനായി 1,21,95,437/-രൂപയും ഉൾപ്പെടുത്തിയിട്ടു
1,26,40,208/- രൂപ. എന്നാൽ ഈ തുക തൻ വർഷത്തെ വികസനഫണ്ട് പൊ
ഇനത്തിലെ ആകെ ചെലവ് 1,38,05,408 രൂപയുമായി പൊരുത്തപ്പെടുന്നില്ല. വരുമാന
നിന്നും വകസന ഫണ്ട് ചെലവ് 11,65,200/-രൂപ ഒഴിവാകുവാൻ ഉണ്ടായ
വിശദമാക്കേണ്ടതാണ്.

## <u>1-1-3 ക്യാപിറ്റൽ കോൺട്രിബ്യൂഷനുമേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നു.</u>

2023-24 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകളി
ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ(എം.എസ്)നം.152/201
തിയതി 26.07.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Policies
ഡെപ്രിസിയേഷൻ ആസ്തികളുടെ മേലാണ് ചാർജ് ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി
കോൺട്രിബ്യൂഷനുമേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേ
ബാലൻസ് ഷീറ്റ് B3 ഷെഡ്യൂളിൽ ഹെഡ്ഡ് 312109901ൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (-)
എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് .

## <u>1-1-4 റീകൺസിലേഷൻ പത്രിക - അപാകതകൾ</u>

എ) SBI E-Pay അക്കൗണ്ടിന്റെ വർഷാന്ത്യ റീകൺസിലേഷൻ പത്രിക പ്രകാരമുള്ള ചുവടെ തുകകൾ കാലപരിധി കഴിഞ്ഞവയാണ്. ആയത് പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

| അക്കൗണ്ട് നം | Cheque Deposited But Not Cleared | Directly Debited By Bank | Directly Credited By Bank | Cheque Issue Presented Int |
|---|---|---|---|---|
| 37209624420 SBI E-Pay | - | - | 342/- 25.7.2022<br>342/- 4.2.2023<br>690/-13.11.2022<br>742/-19.09.2023 | - |

ബി) SBI E-Pay അക്കൗണ്ടിന്റെ 31.03.2024ലെ വർഷാന്ത്യ റീകൺസിലേഷൻ പത്രിക ബാങ്ക് ബുക്ക് ബാലൻസ് 27,26,308/-രൂപയാണ്. എന്നാൽ രസീപ്റ്റ് & പേയ്മെന്റ് RP40b പ്രകാരം പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് 27,26,937/-രൂപയാണ്. വ്യത്യാ കാരണം വിശദമാക്കേണ്ടതാണ്.

സി) മാണിയാട്ട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്- ( A/C.No.560) തനത് ഫ അക്കൗണ്ടിന്റെ 31.03.2024ലെ വർഷാന്ത്യ റീകൺസിലേഷൻ പത്രിക പ്രകാരമുള്ള ബ ബാലൻസ് 2,35,35,733/-രൂപയാണ്. എന്നാൽ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP4 പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് 2,34,59,863/-രൂപയാണ്. വ്യത്യാസത്തിനുള്ള വിശദമാക്കേണ്ടതാണ്.

**<u>1-1-5 പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായ പൊരുത്തപ്പെടുന്നില്ല.</u>**

എ) ചുവടെ ചേർത്ത ഇനങ്ങളുടെ ഷെഡ്യൂൾ ബി2, ബി4 പ്രകാരമുള്ള നീക്കിയിരിപ്പും ഷെ പ്രകാരം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനം. | ഇനം | ഷെഡ്യൂൾ ബി17 പ്രകാരം നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 ൽ ഉൾപ്പെട്ട തുക | ബാല ഷെഡ ൽ ഉൾ |
|---|---|---|---|---|
| 1 | BMC ഫണ്ട് (കെ.ജി.ബി A/C .No. 40661101030372) | 2,80,853/- | 3,05,078/- | |
| 2 | ദുരിതാശ്വാസ നിധി (സഹകരണ ബാങ്ക്-- A/C . No.150451201020021) | 40,695/- | - | 33 |
| 3 | Donations Related To Pandemic Epidemic Control (COVID Relief Fund KGB 40661101047248) | 34,240/- | 1,18,796 | |
| 4 | ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ബാങ്ക്-- KGB .A/C No.40661101030372) | 37,31,738/- | 36,92,164/- | |

**1-1-6 ബാധ്യത തുകകൾ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല.**

എ) ബാലൻസ് ഷീറ്റിൽ ബി4ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ വർഷങ്ങളായി വിനിയേ ചുവടെ ചേർത്ത തുകകളുടെ കൃത്യത പരിശോധിച്ച് അവ നിലവിൽ സ്ഥിതി ചെയ്യുന്ന ബ അക്കൗണ്ടുകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത വിനിയോഗിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ തുക ലഭ്യമാക്കിയ സ്ഥാപനങ്ങൾക്കോ, അവരുടെ അനുമതിയോടെ സർക്കാരിലേയ്ക്കോ തിരികെ ഒടുക്കുവാൻ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ഹെഡ്ഡ് | ഇനം |
|---|---|---|
| 1 | 320200305 | Grant For Drinking Water Schemes |
| 2 | 320200307 | MLA -Local Area Development Fund |
| 3 | 320100145 | NPRPD |
| 5 | 320300103<br>320100181 | Total Sanitation<br>" |
| 6 | 320300199 | Grant Funds& Contributions For Specific Purposes |
| 7 | 320700204 | Contributions For Joint Venture Projects Block Panchayats |
| 8 | 320700304 | Contributions For Joint Venture Projects Block Panchayats |
| 9 | 320700105 | Contributions For Joint Venture Projects District Panchayats |
| 10 | 320700405 | Contributions For Joint Venture Projects District Panchayats |
| 11 | 320900102 | Donations Related To Pandemic Epidemic Control |

ബി) ധനകാര്യപത്രിക ബി-9 ഷെഡ്യൂളിൽ 350400501 – Refunds Payable -Grants എന്നയിനത്തിൽ രേഖപ്പെടുത്തിയ 22,150/-രൂപയുടെ കൃത്യത പരിശോധിച്ച് സർ ഒടുക്കുവാനുള്ള തുകയാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-7 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ സമർപ്പിച്ചിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ട വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

**1-1-8 ഡെപ്പോസിറ്റ് പ്രവൃത്തി – വിശദാംശം ബി18ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.**

പ്രോജക്ട് നം 144/24 പ്രകാരം കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്ത് സാക്ഷ്യപത്രം ലഭിക്കാത്ത 3,58,017രൂപയുടെ വിശദാംശം B 18ഷെഡ്യൂളിൽ ഹെഡ് 46 ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് B-18ഷെഡ്യൂളിൽ ഹെഡ്ഡ് 460100199, 4 460500399 എന്നിവ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിച്ച് വിനിയോഗ

സാക്ഷ്യപത്രങ്ങൾ ലഭ്യമായവയിൽ ബന്ധപ്പെട്ട ഹെഡ്ഡുകളിൽ ആവശ്യമായ ക്രമീ വരുത്തേണ്ടതാണ്.

**1-1-9 സംയുക്ത പദ്ധതി ട്രഷറി അക്കൗണ്ടിൽ നിന്നും സർക്കാർ തിരിച്ചെടുത്ത തുക പഞ്ചായത്തിന് ലഭ്യമായില്ല.**

വാർഷിക ധനകാര്യ പത്രിക പ്രകാരം STSB Joint Venture Old A/C-ലെ (നം. 7990114 31.03.2024 ലെ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള 2,44,563/-രൂപ 20-3-2023-ന തിരികെ എടുത്തിട്ടുള്ളതാണ്. പ്രസ്തുത തുക നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല. കൂടാതെ പദ്ധതി അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും ബാധ്യതാ കണക്ക് വർഷാവസാന ബാധ്യതയും പൊരുത്തപ്പെടുന്നില്ല.

| | | |
|---|---|---|
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 7,403 |
| 320700304 | Contributions For Other Specific Purposes (For Capital Expenditure)-From Block Panchayats | 76,597 |
| 320700105 | Contributions For Joint Venture Projects (For Capital Expenditure) -From District Panchayats | 23,070 |
| 320700405 | Contributions For Other Specific Purposes (For Revenue Expenditure)-From District Panchayats | 17,002 |
| | Total | 1,24,072/- |

ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകയും ബാല പ്രകാരമുള്ള ബാധ്യതാ തുകയും പൊരുത്തപ്പെടാത്തതിനുള്ള കാരണം വിശദമാക്കേണ്ടതാ

**1-1-10 വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല**

31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം സാമ്പത്തിക വർഷത്തെ സെക്വർഡ് ലോൺ നീക്കിയിരിപ്പ് തുക പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസിലെ നീക്കിയിരിപ്പുമായി ചുവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ബി-5 ഷെഡ്യൂൾ പ്രകാരം 330500201-സെക്വർഡ് ലോൺ നീക്കിയിരിപ്പ് തുക | ബി-16 ഷെഡ്യൂൾ പ്രകാരം 440500101-പ്രീ പെയ്ഡ് പ്രോഗ്രാം ഇനത്തിലെ നീക്കിയിരിപ്പ് തുക | ( |
|---|---|---|
| 86,56,345 | 85,83,501 | 7 |

കൂടാതെ ലൈഫ് ഭവന പദ്ധതി വായ്പാ അക്കൗണ്ടിൽ ലഭിച്ച പലിശ തുക 2,844/-( ബാധ്യതയിൽ ഉൾപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റ് ബി-5പ്രകാരമുള്ള വായ്പ നീക്കിയിരിപ്പിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വായ്പാ കണക്ക് കൃത്യമായി കണക്കാക്കുന്നത വരവ്, ബാങ്ക് ചാർജ്ജ് തുടങ്ങിയ ഇനങ്ങൾ പ്രത്യേകം പ്രൊവിഷൻ നൽകി പ്രത്യേക ബാധ്യത കണക്കിൽ ക്രമീകരിക്കേണ്ടതാണ്.

## 1-1-11 അക്രൂവൽ വരുമാനം രേഖപ്പെടുത്തുന്നതിൽ കാലതാമസം

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമ പഞ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമ അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം നടപടികൾ പ്രധാന നികുതിയിനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

## 1-1-12 ട്രഷറി നീക്കിയിരിപ്പ് - വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക രസീപ്റ്റ് & പേയ്മെന്റ് പത്രിക 40(B)പ്രകാരം 31.03.2024 നീക്കിയിരിപ്പിൽ Treasury Account Of Traditional Funct 450210104) എന്നയിനത്തിൽ ഉൾപ്പെടുത്തിയ 75,870/-രൂപയുടെ കൃത്യത പരിശോധിക്ക നീക്കിയിരിപ്പ് സാധൂകരിക്കുന്ന ട്രഷറി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയി 24വർഷത്തെ ബാങ്ക് ബുക്കിലോ റീകൺസിലേഷൻ പട്ടികയിലോ ഇത്തരത്തിൽ ഒരു ഉൾപ്പെട്ടിട്ടില്ല. നീക്കിയിരിപ്പിൽ ഇത്തരത്തിൽ തുക ഉൾപ്പെടുവാനുള്ള വിശദമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം-

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം.1 തി. 24/03/2023 | നം.1 തി. 06/02/20 |
| മുന്നിരിപ്പ് | 91,35,330 | |
| വരവ് | 27,32,13,625 | 3 |
| ആകെ | 28,23,48,955 | 34 |
| ചെലവ് | 27,39,87,006 | 3 |
| നീക്കിയിരിപ്പ് | 83,61,949 | 7 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വര വിവരങ്ങൾ)

| വർഷം | 2023-24 |
|---|---|
| മുന്നിരിപ്പ് | 3,42,18,418 |
| വരവ് | 5,75,16,204 |
| ആകെ | 9,17,34,622 |
| ചെലവ് | 4,86,77,351 |
| നീക്കിയിരിപ്പ് | 4,30,57,271 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 19326000 | 19326000 | 13805408 | - |
| വികസനഫണ്ട് എസ്.സി.പി. | -- | 3749000 | 3749000 | 2597765 | - |
| വികസനഫണ്ട് ടി.എസ്.പി. | -- | 260000 | 260000 | 187588 | - |
| സംരക്ഷണഗ്രാന്റ് റോഡ് | -- | 12664000 | 12664000 | 7242933 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | -- | 5791400 | 5791400 | 5137299 | - |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | 1866635 | 3323513 | 5190148 | 3573667 | 1616481 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)- | 2768833 | 2400000 | 5168833 | 3093150 | 2075683 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | -- | 30000 | 30000 | 30000 | - |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 100000 | 2845560 | 2945560 | 2861560 | 84000 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 40072 | 2201705 | 2241777 | 2201705 | 40072 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 1 | 1255915 | 1255916 | 1255916 | 0 |
| തൊഴിലുറപ്പ് പദ്ധതി വേതനം | 0 | 79697369 | 79697369 | 79697369 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 969323 | 1753266 | 2722589 | 1133240 | 1589349 |
| ടോട്ടൽ സാനിറ്റേഷൻ | 1086952 | 0 | 1086952 | 153597 | 933355 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 158933 | 915509 | 1074442 | 200100 | 874342 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 133595 | 387983 | 521578 | 329675 | 191903 |
| 320100203 ഹെൽത്ത് ഗ്രാന്റ് | 0 | 2805500 | 2805500 | 0 | 2805500 |
| NPRPD | 200000 | 0 | 200000 | 0 | 200000 |
| പൈക്ക | 51171 | 2047 | 53218 | 0 | 53218 |

| | | | | | |
|---|---|---|---|---|---|
| SSA | 4807 | 192 | 4999 | 0 | 4999 |
| സ്വച്ഛഭാരത് മിഷൻ | 0 | 2384546 | 2384546 | 2384546 | 0 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| BMC ഫണ്ട് | 272969 | 7884 | 280853 | 0 | 280853 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 1590000 | 4940000 | 6530000 | 6080000 | 450000 |
| കുടിവെള്ള പദ്ധതി ഗ്രാന്റ് | 958138 | 0 | 958138 | 0 | 958138 |
| ശുചിത്വ മിഷൻ | 100861 | 0 | 100861 | 88014 | 12847 |
| കാസറഗോഡ് വികസന പാക്കേജ് സ്റ്റേഡിയം നിർമ്മാണം | 0 | 11347098 | 11347098 | 11347098 | 0 |

കുറിപ്പ് : 1) വികസന ഫണ്ടിൽ സ്രോതസ്സിൽ നിന്നും ലൈഫ് ഭവന പദ്ധതി, അ ഹോണറേറിയം എന്നീയിനങ്ങളിൽ കുറവ് വരുത്തിയ 27,41,640/-രൂപ (24,03,979-Gen Scp & 42,566-Tsp) മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്ത പദ്ധത ശതമാ |
|---|---|---|---|---|---|---|
| 252 | 13,35,56,108 | 180 | 6,18,74,557 | - | 72 | |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2023-24 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | |
|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക |
| 1 | സെക്രട്ടറി | 43 | 14821444* | 26 | 5986500 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 532715 | 7 | 412477 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 103 | 49148410 | 60 | 17522517 |
| 4 | കൃഷി ഓഫീസർ | 11 | 5802830 | 9 | 3606055 |
| 5 | വെറ്റിനറി സർജ്ജൻ | 7 | 2449035 | 7 | 1455195 |

| | | | | | |
|---|---|---|---|---|---|
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- 1 | 3 | 25700000 | 3 | 11750000 |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- 2 | 17 | 13085730 | 14 | 5951386 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 7725990 | 12 | 3710834 |
| 8 | പ്രധാനധ്യാപകൻ | 15 | 3674434 | 13 | 3267243 |
| 9 | മെഡിക്കൽ ഓഫീസർ ആയൂർവ്വേദം | 3 | 1127680 | 3 | 1127680 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 21 | 6068840 | 21 | 4089305 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 819000 | 3 | 816000 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2500000 | 1 | 2079365 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 100000 | 1 | 100000 |
| | ആകെ | 252 | 133556108 | 180 | 61874557 |

വികസന ഫണ്ട് ബജറ്റ് അലോക്കേഷൻ സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും ഉൾപ്പിട്ടിരുന്നില്ല. പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി അടങ്കലിൽ ചേ

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീ |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1 | 1255915 | 1255916 | 1255916 | 0 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 79697369 | 79697369 | 79697369 | 0 |
| ആകെ | | 80953284 | 80953285 | 80953285 | |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 വർ പദ്ധതികളുൾപ്പെടുന്ന 12,47,97,249/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 811 പദ്ധതികളാണ് നടപ്പിലാക്ക വിവിധ പദ്ധതികളിലായി ആകെ 185522 തൊഴിൽ ദിനങ്ങൾ തൻവർഷം സൃഷ്ടിച്ചിട്ടുണ്ട തൊഴിൽ ലഭിച്ച 1450 കുടുംബങ്ങളുണ്ട്.

**1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം**

തൻവർഷം ഗ്രാമ പഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെ
വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്ത ക്കളുടെ എ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8822600 | 8 |
| വിധവാപെൻഷൻ | 11396000 | 10 |
| വാർദ്ധക്യകാലപെൻഷൻ | 16392500 | 17 |
| വികലാംഗപെൻഷൻ | 3243200 | 3 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 937200 | 9 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | |

**1-8 ക്യാഷ് ബാലൻസ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 25.10.2024 തീയതിയിൽ 3.05 P.M ന് സ്ഥാപനത്തിലെ ഉത്ത ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 27,426/- കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

1) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 23.09.2021 ലെ ഉത്തരവ് നം. എ2/167/2019 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. തുടർന്ന് ഭരണ സൗകര്യാർത്ഥ ഉപ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർ കഴിഞ്ഞ വർഷങ്ങളിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സമഗ്രമേഖലകളും ഉൾപ്പെടുത്തി പുതുക്കിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2023-2024 സാമ്പത്തിക വർഷം സെക്രട്ടറി തസ്തിക 01.04.2023 മുതൽ 31.07.202 അസിസ്റ്റന്റ് സെക്രട്ടറി തസ്തിക 01.08.2023 മുതൽ 03.09.2023 വരെയും ഒഴിഞ്ഞുകിടക്കുക ഓഫീസിന്റെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി ആവശ്യമായ ജീവ സാന്നിദ്ധ്യം ഉറപ്പു വരുത്തുവാൻ ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടത

3) ഗ്രാമ പഞ്ചായത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പളം ജി. ഒ (പി) നം 27/ തീയതി 10.02.2021 പ്രകാരം പുതുക്കിയ ശമ്പള സ്കെയിലിൽ ശമ്പള നിർണ്ണയം നടത്തി സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല. ജീവനക്കാരുടെ ശമ്പള നടത്തിയത് ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

4) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക മോണിറ്ററിംഗിലും സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉ എന്നിരുന്നാലും 02.11.2024 ലെ സ്ഥിതിയനുസരിച്ച് തീർപ്പാക്കാത്ത 45 ഫയലുകളും 512 ഫയലുകളും കണക്കിൽ ഉണ്ട്. ഫയലുകളിൽ കാലതാമസം വരുന്ന സാഹ ഒഴിവാക്കേണ്ടതാണ്. ആകെ 846 ഫയലുകളിൽ തുടർ നടപടികൾ എടുക്കാൻ ബ 632ഫയലുകൾ പാർക്ക് ചെയ്തിട്ടുമുണ്ട്. തുടർ നടപടികൾ എടുക്കാൻ ബാക്കിയുള്ള ഫ പാർക്ക് ചെയ്ത ഫയലുകളിലും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും ര സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സു തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരി ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (അ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലു ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്

6) പഞ്ചായത്ത് കമ്മിറ്റി 2023-2024 സാമ്പത്തിക വർഷത്തിൽ 59 തവണ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 24 പ്രാവശ്യവും വികസന സ്റ്റാന്റിംഗ് പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 24 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ കമ്മിറ്റി 22 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗങ്ങളുടെ മിനിട്സ് സകർ വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നട ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പ സംബന്ധിച്ച അവലോകനങ്ങൾ തുടർ യോഗങ്ങളിൽ നടത്തിയതായി മിനിട്സിൽ ക പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകന തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

7) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. ഓഫീസ് ജീവനക്കാരുടെ യോഗത്തിൽ ജോലി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) തൻവർഷം 100% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. നികുതികൾ, നികുതിയേതര വ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപ പാലിക്കേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രി നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ള ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേ

നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെ വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേ ചെലുത്തേണ്ടതുമാണ്.

9) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 11.08.2023, 05.10.2023, 16.10.2023, 27.01.2024, 31.01.2024, 11.03.2024 എന്നീ തിയതികളിൽ യോഗം ചേർന്നിട്ടുണ്ട തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. പ്രൊക്യൂർമെന്റ് ക പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതും സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രൊക്യൂർ നേരത്തെ തയ്യാറാക്കി ആയത് പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും എല്ലാ വാങ്ങൽ നടപടികൾക്കും സമിതി ഉറപ്പ് വരുത്തേണ്ടതുമാണ്.

10) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തു രജിസ്റ്റർ കാലികമല്ല. സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേ പൂർത്തിയാക്കപ്പെട്ടിട്ടില്ല.

11) തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യകം ശ്രദ്ധ നൽകേ

12) ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധ ന്യൂനതകൾ ഖണ്ഡിക 1-1 ൽ വിശദമാക്കിയിട്ടുണ്ട്. ആയതിന് പരിഹാര സ്വീകരിക്കേണ്ടതാണ്.

13) 2023-2024 വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലായി ലഭ്യമാ വിഹിതത്തിൽ നിന്നും 1.28 കോടി രൂപ വിനിയോഗിക്കുവാൻ സാധിക്കാതെ ലാ അർഹമായ ബജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ സമയബന്ധിതമായി വിനിയോഗിക്കു സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-10 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകമർമ്മസേ - അവലോകനം</u>**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തിക്കുന്ന സംഘടനാ സംവിധാനമാണ് ഹരിത കർമ്മ സേന. പഞ്ച നഗരസഭകളും മുൻകൈയ്യെടുത്ത് രൂപീകരിച്ചിട്ടുള്ള ഈ സംവിധാനം പ്രധാനമായും മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി നടത്തുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച വാങ്ങിയാണ് ഇവർ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാതിൽപ്പടി നടത്തുന്നത്.

ശുചിത്വവും ഹരിതാഭവുമായ കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കേ എല്ലാപഞ്ചായത്തുകളും ഒരു ഹരിത കർമ്മസേന രൂപീകരിക്കണമെന്നും ഓരോ പ

മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഈ ഹരിത കർമ്മസേനയുടെ സജീവ പ്ര
പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ച് കൊണ്ട് 15
തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 2420ാം നമ്പർ ഉത്തരവിനെ അടിസ്ഥാന
മുതൽ തന്നെ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചു. തദ്ദേശ
സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് സംസ്ഥാന സർക്കാർ 22.07.201
(സാധാ) 2511/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും,
രാജ് ആക്ട് വകുപ്പ് 219 എ മുതൽ എക്സ് വരെയും, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾ
ചട്ടം 4 എന്നിവയും നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക
നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് ഗ്രാമപഞ്ചായത്തുകളിൽ ഹരിത കർമ്മ
പ്രവർത്തനം സജീവമാകുന്നത്. ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന
അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ) നം. 1496/2020/തസ്വഭവ നമ്പരായ
തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രക
സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനി
സർക്കാർ പുറപ്പെടുവിച്ചു.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പിലിക്കോട് ഗ്രാമപ
രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും ഗ്രാമപഞ്ച
അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും കുറിച്ച് കേരള സംസ്ഥാന ഓഡ
ഡയറക്ടറുടെ 07.06.2024-ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ
മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ:കേരളത്തി
സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയത്തിന്മേൽ തയാറാക്കിയ അ
താഴെ ചേർക്കുന്നു.

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ
മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂ
ചുമതലയാണ് ഹരിതകർമ്മ സേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. 12.0
സ.ഉ(സാധാ) നം. 306/2019/തസ്വഭവ തിയതി പ്രകാരം എം.സി.എഫ് (മെറ്റീരിയ
ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃ
സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതുപ്രകാരം പിലിക്കോട് ഗ്രാമപഞ്ചായത്തിലെ നാലാം വ
ആനിക്കാടി എന്ന സ്ഥലത്ത് MCF സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ 16 വാർഡ
45 മിനി എം.സി.എഫും സ്ഥാപിച്ചിട്ടുണ്ട്.

<u>സംഘാടനം</u>

ഗ്രാമപഞ്ചായത്തിന്റെ 16 വാർഡുകളിലെ കുടുംബശ്രീ സംഘടനയിൽ ഒരു വാർഡിൽ
എന്ന നിലയിൽ 32 വനിതകളാണ് ഹരിതകർമ്മ സേനാംഗങ്ങളായി പ്രവർത
ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കും വിവിധതരം
നിർമ്മാർജ്ജനോപാധികൾ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനും പൊതുജന
മാലിന്യ സംസ്കരണത്തിനും പ്രാപ്തരാക്കുവാൻ തക്ക വിധത്തിൽ പരിശീലനങ്ങൾ ന
ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയെ വാർത്തെടുത്തിട്ടുള്ളത്. ഹരിതകർമ്മ സേ

ഏകോപിപ്പിക്കുന്നതിനായി കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. അജൈ ശേഖരിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് 100രൂപ നിരക്കിലും ഭവനങ്ങളിൽ നിന്നു നിരക്കിലും ഫീസ് ഈടാക്കിയാണ് ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്ത ഹരിതകർമ്മ സേനയുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ഒരു അക്കൗണ്ട് ആരംഭിച്ച് No.40661101010494). സേനംഗങ്ങൾക്ക് പ്രത്യേകമായി യൂണിഫോമും ഐ.ഡി.കാർഡും

ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ഹരിതകർമ്മ സേനയുടെ ഉത്തരവാദിത്വം കൈയാളു മറ്റ് പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവരുടെ മേൽനോട്ടവും എല്ലാ ഭവനങ്ങളിലും സ്ഥാപ സ്ഥാപിച്ചിട്ടുള്ള ക്യൂ. ആർ. കോഡ് വഴിയുള്ള ഹരിതമിത്രം സ്മാർട്ട് ഗാർബേജ് പ്രവർത്തനവും ഹരിതകർമ്മ സേന പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് സുഗമമാക്കുന്ന വരുമാനത്തിലുപരി എന്റെ ഗ്രാമം വൃത്തിയുള്ള ഗ്രാമം എന്ന ഉറച്ച ബോദ്ധ്യമുള്ള സേന സമീപനവും ഈയൊരു ഉദ്യമത്തെ മികവുറ്റതാക്കുന്നു.

<u>അടിസ്ഥാന വിവരങ്ങൾ</u>

| | |
|---|---|
| വാർഡുകളുടെ എണ്ണം | 16 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 25122 |
| ആകെ വീടുകൾ | 9269 |
| ആകെ വാസേതര കെട്ടിടങ്ങൾ | 3682 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 32 |

<u>വൃത്തിയുള്ള പരിസരം ആരോഗ്യമുള്ള സമൂഹം.</u>

വൃത്തിയുള്ള പരിസരം ആരോഗ്യമുള്ള സമൂഹം എന്ന മുദ്രവാക്യവുമായി പ്രവ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന പ്രത്യേകമായി തയ്യാറാക്കിയ കലണ്ടർ പ്ര മാലിന്യങ്ങൾ ശേഖരിക്കുന്നത്. കലണ്ടർ പ്രകാരമുള്ള മാലിന്യശേഖരണം സംബന്ധ് താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ശേഖരിക്കുന്ന മാസം |
|---|---|---|
| 1 | പേപ്പർ, പ്ലാസ്റ്റിക്ക്, പ്ലാസ്റ്റിക്ക് കവറുകൾ | എല്ലാ മാസവും |
| 2 | ചെരുപ്പ്, ബാഗ്, തെർമോക്കോൾ | ജനുവരി, ഏപ്രിൽ, ജൂലായ്, ഒക്ടോബർ |
| 3 | കണ്ണാടി, കുപ്പി, ചില്ല് മാലിന്യങ്ങൾ | ഫെബ്രുവരി, മെയ്, ഓഗസ്റ്റ്, നവംബർ |
| 4 | ഇ-മാലിന്യം (ട്യൂബ്ലൈറ്റ്, സി.എഫ്.എൽ ഉൾപ്പെടെ) | മാർച്ച്, ജൂൺ, ഡിസംബർ |

| | | |
|---|---|---|
| 5 | മരുന്ന് സ്ട്രിപ്പുകൾ | ജനുവരി, മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ |
| 6 | തുണി മാലിന്യം | ഏപ്രിൽ, സെപ്റ്റംബർ |

മേൽ സൂചിപ്പിച്ച പ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ ആദ്യം വിവിധ വാർഡുകളിലാ ചെയ്യുന്ന 45 മിനി എം.സി.എഫുകളിലേക്കും അവിടെ നിന്ന് പഞ്ചായത്തിലെ നാലാം ആനിക്കാടി എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള എം.സി.എഫിലേക്കും തുടർന്ന് ഗ്രാമപഞ്ചാ കരാറിൽ ഏർപ്പെട്ടിട്ടുള്ള സർക്കാർ അംഗീകാരമുള്ള മാലിന്യസംസ്കരണ കമ്പനികൾക ഹരിതകർമ്മസേന പ്രവർത്തകർ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന മ എം.സി.എഫിൽ എത്തിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ വർഷിക പദ്ധതിയില വാങ്ങിയ ഇലക്ട്രിക് വാഹനം ഉപയോഗിക്കുന്നു. .

<u>രേഖകൾ</u>

ഹരിതകർമ്മസേനയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന ഓഫീസ് സംവിധാനത്ത ബുക്ക്, മിനിട്സ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, യൂസർഫീ, രസീപ്റ്റ് ബുക്ക്, ആക്ടിവിറ്റ അംഗത്വരജിസ്റ്റർ എന്നിവ സൂക്ഷിച്ച് വരുന്നു.

2021-22 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ ലഭിച്ച യൂസർ ഫ താഴെചേർക്കുന്നു.

| വർഷം | കളക്ട് ചെയ്ത യൂസർ ഫീ |
|---|---|
| 2021-22 | 8,88,200 |
| 2022-23 | 12,12,220 |
| 2023-24 | 31,15,800 |

2021-22 ൽ യൂസർ ഫീയിനത്തിൽ നേടിയതിന്റെ ഇരട്ടിയിലേറെ വരുമാനമാണ് 2 നേടിയിരിക്കുന്നത്. നിരന്തരമായ പരിശ്രമത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ ഹരിതക മികച്ച പ്രവർത്തനം നടത്തിയാണ് ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. ഹരിതകർ രൂപീകരിച്ചതിലൂടെ പിലിക്കോട് ഗ്രാമപഞ്ചായത്തിന് അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കട 100/- രൂപയുമാണ് ഈടാക്കുന്നത്. ഇത് ഹരിത കർമ്മ സേനയുടെ വേതനം, മറ്റ എന്നിവക്കായി ഉപയോഗിക്കുന്നു.

മാലിന്യനിർമ്മാർജ്ജനമെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2021-22 2023-24 വർഷങ്ങളിലായി മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർക്കുംവിധമുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടു

<u>2021-22 വർഷം</u>

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
